പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 71 | 14-10-2026-ൽ മറുപടിയ്ക്ക്

**<u>മത്സ്യമേഖലയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യവികസനം</u>**

<u>**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**</u>

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടോണി ചമ്മണി

ശ്രീ. വി. എസ്. ജോയി

ശ്രീ. നീലകണ്ഠൻ

<u>**മറുപടി നൽകിയ മന്ത്രി**</u>

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മത്സ്യമേഖലയുമായി ബന്ധപ്പെട്ട ലേല കേന്ദ്രങ്ങൾ ആധുനികീകരിക്കാനും ശുചിത്വവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്താനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

<u>**മറുപടി:**</u> മത്സ്യമേഖലയുമായി ബന്ധപ്പെട്ട ലേല കേന്ദ്രങ്ങൾ ആധുനീകരിക്കാനും ശുചിത്വവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുവാനും കാലാനുസൃതമായി പുതിയ പ്രൊപ്പോസലുകൾ NABARD RIDF, FIDF, മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. 2026-27 സാമ്പത്തിക വർഷത്തിൽ NABARD RIDF, FIDF Scheme - ൽ ഉൾപ്പെടുത്തി വിവിധ ഹാർബറുകളിലെ പദ്ധതി രൂപരേഖകൾ ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ ഹാർബറുകളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ പരിപാലനം, ശുചിത്വം, അത്യാവശ്യ സന്ദർഭങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ തനത് ശീർഷകങ്ങളായ 2405-00-103-97-18- ഓപ്പറേഷൻ മാനേജ്മെന്റ് & മെയിന്റനൻസ് ഓഫ് ഫിഷിംഗ് ഹാർബർ, 4405-00-104-31-00-34-03-PV എക്സ്പാൻഷൻ & മേജർ അഡീഷൻസ് ടു കോസ്റ്റൽ ഇൻഫ്രാസ്ട്രക്ച്ചർ, 4405-00-104-37- ക്യാപിറ്റൽ റിപ്പയേഴ്സ് & മെയിന്റനൻസ് ഡ്രെഡ്ജിംഗ് ഓഫ് ഫിഷിംഗ് ഹാർബർ എന്നിവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാറുണ്ട്.

**(ബി)** മത്സ്യബന്ധന തുറമുഖങ്ങളിൽ ശുദ്ധജലം, വൈദ്യുതി, ശുചിമുറികൾ എന്നിവയുൾപ്പെടെയുള്ള പ്രാഥമിക സൗകര്യങ്ങൾ ഒരുക്കാനും അവ കൃത്യമായി പരിപാലിക്കാനും സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ;

<u>**മറുപടി:**</u> മത്സ്യബന്ധന തുറമുഖങ്ങളിൽ ശുദ്ധജലം, വൈദ്യുതി, ശുചിമുറികൾ എന്നിവയുൾപ്പെടെയുള്ള പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുവാനും അത് പരിപാലിക്കുന്നതിനുമായി ഹാർബറുകൾ നിർമ്മിക്കുന്ന/ നവീകരിക്കുന്ന വേളയിലും ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹാർബറുകളിൽ ആവശ്യമായ ശുദ്ധജലവിതരണം പൂർണ്ണ തോതിൽ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കാത്തതിനെ തുടർന്ന് ബോർവെൽ കുഴിച്ച് ടി പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി

സ്വീകരിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള CRZ ചട്ടപ്രകാരം കടൽത്തീരത്ത് നിന്ന് 500 മീറ്റർ പരിധിക്കുള്ളിൽ ബോർവെൽ കുഴിക്കുന്നതിന് നിയന്ത്രണമുണ്ട്.

മത്സ്യബന്ധന തുറമുഖ പരിധിക്കുള്ളിൽ ബോർവെൽ കുഴിക്കുന്നതിന് നിലവിലുള്ള 500 മീറ്റർ നിയന്ത്രണത്തിൽ ആവശ്യമായ ഇളവ് കേരളം തീരദേശ പരിപാലന അതോറിറ്റി (KCZMA) -ൽ നിന്ന് ലഭ്യമായാൽ മാത്രമേ എല്ലാ ഹാർബറുകളിലും ബോർവെൽ കുഴിക്കുവാൻ സാധിക്കുകയുള്ളൂ.

**(സി)** മത്സ്യബന്ധന ഗ്രാമങ്ങളിലേയ്ക്കും തുറമുഖങ്ങളിലേയ്ക്കുമുള്ള റോഡുകളിലെ ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പാർക്കിങ് സംവിധാനങ്ങൾ ഒരുക്കുന്നതിനുമായി പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദമാക്കാമോ?

**മറുപടി:** മത്സ്യബന്ധന ഗ്രാമങ്ങളിലേയ്ക്കും, ഹാർബർ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലേയ്ക്കുമുള്ള റോഡുകളിലെ ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതി നിലവിലുണ്ട്. ആയതിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് നടപടികൾ സ്വീകരിച്ചു വരുന്നു. മത്സ്യബന്ധന ഗ്രാമങ്ങളിലേയ്ക്കും, തുറമുഖങ്ങളിലേയ്ക്കും ആവശ്യമായ പാർക്കിങ് സംവിധാനങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണ സ്കീമിൽ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പാക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**